
പാഠപുസ്തകങ്ങളിൽ
ഒളിയജണ്ട
സംവാദം



ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
(പ്രിൻസിപ്പൽ, ദാറുൽ ഹുദാ ഇസ്‌ലാമിക് അക്കാദമി ചെമ്മാട്)

# ബഹുമത സമൂഹത്തിലെ പാഠപുസ്തകങ്ങൾ

**ബഹുമത സമൂഹത്തിലെ പാഠപുസ്തകങ്ങൾ മതമൂല്യങ്ങളെ നിരാകരിക്കാത്തവയായിരിക്കണം. വ്യത്യസ്ത മതങ്ങളുടെ ആശയങ്ങൾ പരിചയപ്പെടുത്താമെങ്കിലും കുട്ടികളിൽ അവ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളുണ്ടാവരുത്. എല്ലാ മതങ്ങളിലുമുള്ള പൊതുഗുണങ്ങൾ മാത്രം പരിചയപ്പെടുത്തുന്നതായിരിക്കും ഉചിതം. ഒരു പ്രത്യേക മതത്തിനോ വിശ്വാസത്തിനോ കൂടുതൽ പ്രാമുഖ്യം നൽകിയുള്ള പാഠ്യപദ്ധതി വ്യത്യസ്ത മതക്കാർ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യത്തിനു ഭൂഷണമല്ല.**

**1.** മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന മാർക്സിയൻ സിദ്ധാന്തം ഭൂരിപക്ഷം വരുന്ന മതവിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കാനുള്ള ഗൂഢ ശ്രമങ്ങളാണ് ഇടതുപക്ഷ ഗവൺമെന്റ് നടത്തുന്നത്. ദൈവവിശ്വാസവും മതാധിഷ്ഠിത ജീവിതവും പ്രശ്നം സൃഷ്ടിക്കുന്നതാണെന്ന് കമ്യൂണിസ്റ്റുകാരും ഇതര നിർമത പ്രസ്ഥാനങ്ങളും പറയാൻ കാരണം, മതത്തെക്കുറിച്ചുള്ള അജ്ഞതയാണ്. മനുഷ്യനു സമാധാനവും ശാന്തിയും നൽകാൻ മതത്തിനു സാധിക്കുമെന്നതാണ് യാഥാർഥ്യം. ജീവിതം പ്രശ്നരഹിതമാകണമെങ്കിൽ ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായിരിക്കണം. ആപൽഘട്ടങ്ങളിൽ ആവലാതിപ്പെടാൻ എല്ലാ പ്രവൃത്തികളും കാണുന്ന ദൈവമുണ്ടെന്ന വിശ്വാസം രൂഢമൂലമാകുമ്പോഴേ പ്രതിസന്ധികളിൽനിന്ന് കരകയറാൻ സാധിക്കൂ.

സ്ത്രീകളുടെ വസ്ത്രധാരണ രീതി തന്നെ എടുക്കാം. നിരവധി മതങ്ങൾ നിലവിലുണ്ടായിട്ടും പിഞ്ചു ബാലികമാർ പോലും കാമവെറിയന്മാരുടെ ആക്രമണത്തിനിരയാകുന്നു. മതം നിഷ്കർഷിക്കുന്ന വസ്ത്രധാരണ രീതികൾ എടുത്തു മാറ്റിയാൽ എന്തായിരിക്കും അവസ്ഥയെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

2. കേരളീയ സമൂഹത്തെ സെക്സ് ടൂറിസ സംസ്കാരത്തിലേക്ക് വലിച്ചിഴക്കാൻ മാർക്സിസ്റ്റു കുബുദ്ധികൾ ഹിഡൻ അജണ്ടകൾ തയാറാക്കുന്നുണ്ടെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. ഇതിനുമുമ്പ് ശക്തമായ വിമർശനങ്ങൾക്ക് വിധേയമായ പാഠ്യപദ്ധതി ചട്ടക്കൂടിലെ പരാമർശങ്ങൾ ചേർത്തുവായിക്കുമ്പോൾ ഇത് ശരിയാണെന്നു ബോധ്യപ്പെടും. ആണും പെണ്ണും ഇരിക്കുന്ന ക്ലാസ് മുറികളിൽ ലൈംഗിക വിദ്യാഭ്യാസം നൽകാനും ലൈംഗികാവയവങ്ങൾ ചിത്രീകരിക്കാനുമൊക്കെ തുടങ്ങിയാൽ സാംസ്കാരികമായി കേരളം എവിടെയെത്തുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

മതമുള്ളേടത്തേ സംസ്കാരമുണ്ടാവുകയുള്ളൂ. മതവും ദൈവവുമില്ലാത്തവൻ എന്തിന് സംസ്കാരത്തെക്കുറിച്ച് ചിന്തിക്കണം? അവൻ കഴിവിന്റെ പരമാവധി ആസ്വാദനത്തിനും സുഖലോലുപതക്കുമാണ് സമയം കണ്ടെത്തുക.

വിദ്യയെന്നത് മനുഷ്യനെ സംസ്കാര സമ്പന്നനും മാതൃകാ വ്യക്തിയുമാക്കുന്ന ഘടകമാണ്. പക്ഷേ, ഇന്നത്തെ വിദ്യാലയങ്ങൾ ഈ ലക്ഷ്യ സാക്ഷാത്കാരത്തിൽനിന്ന് ബഹുദൂരം പിറകിലാണെന്നാണ് നിരീക്ഷണത്തിലൂടെയും അനുഭവങ്ങളിലൂടെയും മനസ്സിലാകുന്നത്. ഈ പ്രവണതക്ക് ആക്കം കൂട്ടാനേ പുതിയ പാഠപുസ്തകങ്ങൾക്കു സാധിക്കുകയുള്ളൂ.

മസ്തിഷ്ക പ്രക്ഷാളനത്തിന്റെ

ഭാഗമാണ് പുതിയ പാഠപുസ്തക രീതി. കേരള ജനതയിൽ നേരിട്ട് മാർക്സിസം പ്രചരിപ്പിക്കുന്നതിനു പകരം വിദ്യാർഥി സമൂഹത്തിന്റെ തലച്ചോറിൽ മാർക്സിസത്തിന്റെ വിഷബീജം കുത്തിവെച്ചാൽ പെട്ടെന്ന് ലക്ഷ്യം കണ്ടെത്താമെന്നാണ് ഇക്കൂട്ടർ വിചാരിക്കുന്നത്. ചെറുപ്പം മുതൽ കുട്ടികളുടെ ബുദ്ധിയെ മാർക്സിസത്തിന് അനുകൂലമാക്കുക എളുപ്പമുള്ള കാര്യമാണ്. അവരുടെ ചിന്തയെ അത്തരത്തിൽ മാറ്റിയെടുത്താൽ നേരും നെറികേടും തിരിച്ചറിയാതെ കമ്യൂണിസത്തിന്റെ ആശയങ്ങൾ വാരിപ്പുണരാൻ അവർ ശ്രമിക്കും. ബുദ്ധിജീവി നടിക്കുന്ന പലരും കമ്യൂണിസ്റ്റ് ആശയക്കാരാണ്. പക്വത കൈവരിച്ചിട്ടില്ലാത്ത കുട്ടികളിൽ ഈ ആശയം വളർത്തുക അവർക്ക് പ്രയാസമുള്ള കാര്യമല്ല. പക്വതയുള്ള സമൂഹത്തിൽ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് കമ്യൂണിസ്റ്റുകൾ പുതിയ അടവുമായി രംഗത്തുവന്നതെന്നു വേണം മനസ്സിലാക്കാൻ. ഇത്തരം ചിന്തകൾ മുളയിൽ തന്നെ നുള്ളിക്കളയാൻ സമൂഹം തയാറാവണം.

3. മാർക്സിസത്തിനു നിലനിൽപില്ലെന്നു കാൾ മാർക്സ് തന്നെ പരീക്ഷിച്ചറിഞ്ഞ കാര്യമാണ്. ഒരു നൂറ്റാണ്ടു പോലും നിലനിൽക്കാതെ സോവിയറ്റ് യൂനിയൻ നിലംപതിച്ചു. അതുകൊണ്ടു തന്നെ, നൂറ്റാണ്ടുകളായി മനുഷ്യസമൂഹത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന മതങ്ങൾക്കു പകരം കമ്യൂണിസത്തെ വെക്കാമെന്നത് മൗഢ്യമാണ്.

മതത്തെയും മതത്തിന്റെ സനാതന മൂല്യങ്ങളെയും വലിച്ചെറിഞ്ഞ് കമ്യൂണിസം നിലവിൽ വന്നെന്നുവെക്കുക; ലോകത്ത് നടക്കുന്ന അക്രമങ്ങൾക്കും അനാചാരങ്ങൾക്കും കടിഞ്ഞാണിടാൻ ആരു രംഗത്തുവരും? സുമോഹന വാഗ്ദാനങ്ങൾ നൽകുക മാത്രമല്ലാതെ, ഈ ഭൗതികലോകത്തെ ക്ഷണിക ജീവിതത്തിനപ്പുറം മറ്റൊരു ജീവിതം കമ്യൂണിസം കാണുന്നില്ല.

കമ്യൂണിസം ഒരു ബൗദ്ധിക പ്രസ്ഥാനമാണെന്നു പലരും ധരിച്ചുവെച്ചിരിക്കുന്നു. അതിന്റെ ആശയങ്ങൾ പൊലിമയോടെ അവതരിപ്പിക്കാൻ ചില മതവിശ്വാസികൾ പോലും തയാറാവുന്നുണ്ട്. അതിനാൽ മതപക്ഷത്തുനിന്ന് കമ്യൂണിസത്തെ ചെറുത്തുതോൽപിക്കുക അനിവാര്യമാണ്. അത്തരമൊരു സംവാദത്തിലൂടെ കമ്യൂണിസം ബുദ്ധിക്കു നിരക്കാത്ത ആശയമാണെന്ന യാഥാർഥ്യം സമൂഹത്തെ തെര്യപ്പെടുത്താൻ കഴിയണം.



**ആത്മീയതക്ക് പ്രാമുഖ്യം നൽകുന്ന പ്രസ്ഥാനങ്ങൾക്കേ പ്രസക്തിയുള്ളൂ; അവക്കു മാത്രമേ നിലനിൽപുള്ളൂ. മനുഷ്യൻ ചില ബാഹ്യാവയവങ്ങളുടെ പേരല്ല; ആത്മാവിന്റെ വിശുദ്ധിയിലൂടെ മാത്രമേ യഥാർഥ മനുഷ്യൻ ഉണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് ഭൗതിക പ്രസ്ഥാനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ നശിക്കുമ്പോഴും, ആത്മീയതക്ക് പ്രാമുഖ്യം കൽപിക്കുന്ന മതങ്ങൾ ലോകത്ത് മായാതെ നിലനിൽക്കുന്നത്.**

4. മാർക്സിസം പോലുള്ള, ഭൗതികതയിൽ അധിഷ്ഠിതമായ പ്രസ്ഥാനങ്ങൾക്ക് വിജയിക്കാൻ സാധിച്ചിട്ടില്ല.

ആത്മീയതക്ക് പ്രാമുഖ്യം നൽകുന്ന പ്രസ്ഥാനങ്ങൾക്കേ പ്രസക്തിയുള്ളൂ; അവക്കു മാത്രമേ നിലനിൽപുള്ളൂ. മനുഷ്യൻ ചില ബാഹ്യാവയവങ്ങളുടെ പേരല്ല; ആത്മാവിന്റെ വിശുദ്ധിയിലൂടെ മാത്രമേ യഥാർഥ മനുഷ്യൻ ഉണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് ഭൗതിക പ്രസ്ഥാനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ നശിക്കുമ്പോഴും, ആത്മീയതക്ക് പ്രാമുഖ്യം കൽപിക്കുന്ന മതങ്ങൾ ലോകത്ത് മായാതെ നിലനിൽക്കുന്നത്.

5. മതേതരത്വം എന്നാൽ 'മതമില്ലായ്മ' എന്ന അഭിപ്രായം എനിക്കില്ല. ഇന്ത്യയുടെ മതേതര സ്വഭാവവും അതല്ല. ഒരു പ്രത്യേക മതത്തിന് പ്രാമുഖ്യം കൽപിക്കുന്നതിനു പകരം ഓരോരുത്തർക്കും അവനവനിഷ്ടപ്പെട്ട മതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. പൊതുവെ സെക്യുലരിസമെന്നാൽ മതമില്ലാത്ത അവസ്ഥയാണെങ്കിലും ഇന്ത്യയിലേത് ഇതിനു വിരുദ്ധമാണ്.

6. ബഹുമത സമൂഹത്തിലെ പാഠപുസ്തകങ്ങൾ മതമൂല്യങ്ങളെ നിരാകരിക്കാത്തവയായിരിക്കണം. വ്യത്യസ്ത മതങ്ങളുടെ ആശയങ്ങൾ പരിചയപ്പെടുത്താമെങ്കിലും കുട്ടികളിൽ അവ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളുണ്ടാവരുത്. എല്ലാ മതങ്ങളിലുമുള്ള പൊതുഗുണങ്ങൾ മാത്രം പരിചയപ്പെടുത്തുന്നതായിരിക്കും ഉചിതം. ഒരു പ്രത്യേക മതത്തിനോ വിശ്വാസത്തിനോ കൂടുതൽ പ്രാമുഖ്യം നൽകിയുള്ള പാഠ്യപദ്ധതി വ്യത്യസ്ത മതക്കാർ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യത്തിനു ഭൂഷണമല്ല.

ദൈവവിശ്വാസവും മതമൂല്യങ്ങളും പാഠപുസ്തകങ്ങളിൽ നിന്ന് മാറ്റിനിർത്തണമെന്ന് അഭിപ്രായമില്ല. ■